LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ്

144 (6595) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഐഡന്റിറ്റി കാർഡ് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത് ; ഒരു കാർഡിന് എത്ര തുക നൽകണം ; ഈ തുക ആരാണ് നൽകുന്നത് ;

(സി) പ്രതിമാസം എത്ര കാർഡുകൾ പ്രിന്റ് ചെയ്തു വിതരണം ചെയ്യു മെന്നാണ് വ്യവസ്ഥ ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര സർവ്വീസ് പെൻഷൻ വാങ്ങുന്ന വരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പെൻഷനേഴ്സിന്റെ ഫോട്ടോ അടക്കം മുഴുവൻ വിവരങ്ങളും അതത് ട്രഷറികളിൽ ഉള്ളതിനാലും ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുള്ള തിനാലും ട്രഷറികളിൽതന്നെ ടി കാർഡ് പ്രിന്റുചെയ്തു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 5-6-2014-ലെ സ.ഉ. (കൈ.) നമ്പർ 209/2014/ധന. പ്രകാരം പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തെക്കൊണ്ട് ഐഡന്റിറ്റി കാർഡ് തയ്യാറാക്കുന്നതിന് ട്രഷറി ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കാർഡ് ഒന്നിന് 8 രൂപ നൽകണം. സർക്കാരാണ് ഈ തുക നൽകുന്നത്.

(സി) നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പ്രതിമാസം 1000 കാർഡുവീതം പ്രിന്റ് ചെയ്യാവുന്നതാണ്.

(ഡി) ട്രഷറി വഴി 3,04,259 പേരും ബാങ്ക് മുഖേന 68,965 പേരും സർവ്വീസ് പെൻഷൻ വാങ്ങുന്നവരുണ്ട്.

(ഇ) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഐഡന്റിറ്റി കാർഡ് പ്രിന്റ് ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറികളിൽ നിലവിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.